Nidas

NISH Online Interactive Disability Awareness Seminar- 38

Vocational Paper (VOC)

**പഠനവൈകല്യം തിരിച്ചറിയുന്നതും പരിപാലനവും** 16 ഫെബ്രുവരി 2019

രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഒരു പോലെ ആശങ്കയിലാക്കുന്ന ഒരു വിഷയമാണ് കുഞ്ഞുങ്ങളുടെ പഠനത്തിലെ പിന്നോക്കാവസ്ഥ. ഇത് ശാരീരിക പ്രശ്നങ്ങൾ, ബുദ്ധിപരമായ വെല്ലുവിളി, അറ്റൻഷൻ ഡെഫിസിറ്റി ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ, ഭാഷാപരമായ പ്രശ്നങ്ങൾ, വൈകാരിക-പെരുമാറ്റ സംബന്ധമായ പ്രശ്നങ്ങൾ, പഠനവൈകല്യം മുതലായ ഏതു കാരണം കൊണ്ടുമാവാം.

എന്താണ് പഠന വൈകല്യം?

വിവരങ്ങൾ സ്വീകരിക്കാനും ശേഖരിക്കാനും പ്രതികരിക്കാനും ആശയവിനിമയം നടത്താനുമുള്ള മസ്തിഷ്കത്തിന്റെ ശേഷിയെ ബാധിക്കുന്ന ഒരു നാഡീസംബന്ധമായ അവസ്ഥയാണ് പഠന വൈകല്യം. ഇത് നാഡികൾ പരസ്പരം ബന്ധിച്ചിരിക്കുന്ന രീതിയിലുള്ള വ്യത്യാസത്തെ ആശ്രയിച്ചിരിക്കുന്നു ഇത് ലഘുവായും തീവ്രമായും കാണപ്പെടാം. എന്നാൽ ഇത് താത്കാലികമായുണ്ടാകുന്ന ഒരവസ്ഥയല്ല. പഠനവൈകല്യമുള്ള കുഞ്ഞുങ്ങൾ സമപ്രായക്കാരേക്കാൾ സമർത്ഥരായിരിക്കും. പക്ഷേ വായന, എഴുത്ത്, അക്ഷരവിന്യാസം, ഓർമ്മ മുതലായവയിൽ അവർ പ്രശ്നങ്ങളനുഭവിക്കുന്നു.

ഇന്ദ്രിയങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് പഠനവൈകല്യമായി കാണപ്പെടുന്നത്. ഇത്, പഠനത്തിനാവശ്യമായ വിവരശേഖരണം, കാര്യഗ്രഹണം, അവയുടെ അവതരണം മുതലായ മേഖലകളെ ബാധിക്കുന്നു. എങ്കിലും പഠനവൈകല്യമുള്ള കുഞ്ഞുങ്ങളിൽ ബുദ്ധിപരമായ ശേഷികൾ ശരാശരിക്കു മുകളിൽ ആയിരിക്കും.

| **പഠന വൈകല്യം- തരം** | **എത് ശേഷിയെ ബാധിക്കുന്നു?** | **ലക്ഷണങ്ങൾ** |
|---|---|---|
| ഡിസ്ലെക്സിയ | വായനാശേഷി | • പതുക്കെ (സാവധാനത്തിൽ) വായിക്കുക<br>• അക്ഷരങ്ങളായി വായിക്കുക, അല്ലെങ്കിൽ വാക്കുകൾ അവഗണിക്കുകയോ ചേർക്കുകയോ ഊഹിക്കുകയോ ചെയ്യുക<br>• വായിക്കുമ്പോൾ വരികൾ വിട്ടു പോകുകയോ ആവർത്തിക്കുകയോ ചെയ്യുക<br>• വാക്കുകൾ തലതിരിച്ചു വായിക്കുക<br>• അക്ഷരങ്ങളും അവയുടെ ഉച്ചാരണങ്ങളും അറിയാതിരിക്കുക<br>• ഓർമ്മയിൽ നിന്നും വായിക്കുക<br>• സാധാരണയായി ഉപയോഗിക്കുന്ന പ്രത്യയങ്ങളിൽ തെറ്റുകൾ വരുത്തുന്നു |

| | | |
|---|---|---|
| | | • സ്ഥിരമായി കാണുന്ന വാക്കുകൾ (സൈറ്റ് വേർഡ്സ്) പരിചയമില്ലാതെയാകുന്നു<br>• വായിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെ വരുന്നു |
| ഡിസ്ഗ്രാഫിയ | കൈയക്ഷരം (ഹാൻഡ് റൈറ്റിങ്) അക്ഷരവിന്യാസം (സ്പെല്ലിങ്) എഴുത്ത് ശൈലി (റിട്ടൺ എക്സ്പ്രെഷൻ) | • പതുക്കെ എഴുതുക<br>• മോശമായ കൈയക്ഷരം<br>• അക്കങ്ങളും അക്ഷരങ്ങളും തിരിച്ചെഴുതുന്നു<br>• പ്രകടമായ അക്ഷരത്തെറ്റുകൾ<br>• ചിഹ്നമിടുന്നതിലുള്ള പ്രശ്നങ്ങൾ<br>• പൂർണ്ണമല്ലാത്ത നോട്ടുകളും ഉത്തരങ്ങളും<br>• ആശയങ്ങൾ എഴുത്തിലൂടെ അവതരിപ്പിക്കാനുള്ള കഴിവില്ലായ്മ |
| **ഡിസ്കാൽക്കുലിയ** | **കണക്കിലെ ബുദ്ധിമുട്ട്** | • കണക്കിലെ പ്രയോഗങ്ങളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചുമുള്ള ബുദ്ധിമുട്ട്<br>• പകർത്തിയെഴുതുമ്പോൾ ക്രമം തെറ്റുക (വ്യത്യാസം വരിക)<br>• അക്കങ്ങളുടെ സ്ഥാനവില മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്<br>• ചോദ്യങ്ങൾ തെറ്റായി മനസ്സിലാക്കുക<br>• കളികളിൽ കണക്കുകൾ വരുമ്പോൾ ഇഷ്ടപ്പെടാതിരിക്കുക<br>• കാശുപയോഗിക്കാൻ ബുദ്ധിമുട്ടുകയും കടകളിൽ ബാക്കി പൈസ ആവർത്തിച്ചു പരിശോധിക്കുകയും ചെയ്യുക<br>• ഭിന്നസംഖ്യയും ഭീജഗണിതവും മനസ്സിലാക്കാൻ കഴിയാതെ വരിക. |

**പഠനവൈകല്യത്തിന്റെ കാരണങ്ങൾ**

സാധാരണയായി കാണപ്പെടുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്

- പാരമ്പര്യം
- ഗർഭകാലത്ത് മാതാവിന്റെ മദ്യപാനം, ലഹരി മരുന്നുപയോഗം, ഹെവി മെറ്റൽസ് ശരീരത്തിനകത്തു പോകുന്നത് (ഉദാ: ഈയ്യം)
- ജനനസമയത്തെ കുഞ്ഞിനുണ്ടാകുന്ന തൂക്കക്കുറവ്
- ഗർഭസമയത്തും പ്രസവസമയത്തുമുള്ള പ്രശ്നങ്ങൾ– ഹൈപ്പോക്സിയ
- ജനനത്തിനു ശേഷം– മെനിഞ്ചൈറ്റിസ്, ഉപാപചയ വൈകല്യങ്ങൾ, മെർക്കുറി അല്ലെങ്കിൽ സാന്ദ്രത കൂടുതലുള്ള ലോഹങ്ങളുമായുള്ള സ്ഥിരമായ ഇടപെടൽ

ഗർഭകാലത്തു തന്നെ മസ്തിഷ്കത്തിന്റെ നാഡികൾ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന രീതിയെ ഇത്തരം കാരണങ്ങൾ ബാധിക്കുന്നു

**പഠനവൈകല്യം തിരിച്ചറിയുന്നത്**

മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കുഞ്ഞുങ്ങളിൽ കാണുന്നുണ്ടെങ്കിൽ ഇത് പഠന വൈകല്യം കാരണമാണോ അതോ മറ്റെന്തെങ്കിലും കാരണമാണോ എന്നറിയേണ്ടത് ആവശ്യമാണ്. ഇതിനു താഴെ പറയുന്ന പരിശോധനകൾ നടത്താവുന്നതാണ്.

- സൈക്കോ എജ്യക്കേഷനൽ ടെസ്റ്റ് ബുദ്ധിയും ശ്രദ്ധയും (ഏകാഗ്രതയും) പരിശോധിക്കുന്നതിന്
- ഇന്റലിജൻസ് ടെസ്റ്റിങ്
- അച്ചീവ്മെന്റ് ടെസ്റ്റിങ് കുഞ്ഞിന് ഇപ്പോഴുള്ള വിദ്യാഭ്യാസപരമായ ശേഷികളുടെ (എഴുത്ത്– വായന) വിലയിരുത്തൽ
- ഭാഷാ അസസ്മെന്റ്സ് (ഭാഷയുടെ മൂല്യനിർണയം)
- കോമോർബിഡ് അവസ്ഥകളുടെ പരിശോധന (ഇതുമായി ചേർന്നുവരുന്ന മറ്റു പ്രശ്നങ്ങളുടെ പരിശോധന)

ഇത്തരം ഇടപെടലുകൾ പൂർണ്ണമായും കുഞ്ഞിന്റെ അക്കാദമിക പ്രവർത്തനശേഷിയെ ആസ്പദമാക്കിയാണ് ചെയ്യേണ്ടത് അല്ലാതെ കുഞ്ഞിന്റെ ക്ലാസ്സിനെയോ വയസ്സിനെയോ ആസ്പദമാക്കിയല്ല. രക്ഷിതാക്കളും അദ്ധ്യാപകരും കുഞ്ഞുങ്ങുടെ വളർച്ചാ നാഴികക്കല്ലുകളെ കുറിച്ച് ബോധവാന്മായിരിക്കണം. കുഞ്ഞിന്റെ വളർച്ചാഘട്ടങ്ങളിൽ കാലതാമസമനുഭവപ്പെട്ടാൽ അത് ശരിയാക്കാൻ വേണ്ട നടപടി എത്രയും പെട്ടെന്നു തന്നെ സ്വീകരിക്കേണ്ടതാണ്.

മുതിർന്ന ക്ലാസ്സിലെത്തുമ്പോൾ ശരിയാകും എന്നു വിചാരിച്ച് പലപ്പോഴും രക്ഷിതാക്കളും അദ്ധ്യാപകരും ഇത്തരം ലക്ഷണങ്ങൾ അവഗണിക്കുന്നതായി കാണാം. എന്നാൽ എത്രയും നേരത്തെ തിരിച്ചറിഞ്ഞ് ആവശ്യമായ ഇടപെടലുകൾ നടത്താൻ സാധിച്ചാൽ പുരോഗതിയുണ്ടാകും.

**പഠനവൈകല്യമുള്ള കുഞ്ഞുങ്ങളെ എങ്ങനെ സഹായിക്കാം?**

പഠന വൈകല്യം ഭേദപ്പെടുത്താൻ മരുന്നുകളൊന്നും തന്നെയില്ല. എന്നാൽ പഠന വൈകല്യവുമായി ബന്ധപ്പെട്ടുണ്ടാകുന്ന മറ്റു പ്രശ്നങ്ങളെ (ഏകാഗ്രതക്കുറവ്, എ.ഡി.എച്ച്.ഡി) ഭേദപ്പെടുത്താൻ മരുന്നുകൾ നൽകാറുണ്ട്.

<u>റെമഡിയൽ എജ്യൂക്കേഷൻ /എജ്യൂക്കേഷൻ തെറാപ്പി:</u>

റെമഡിയൽ എജ്യൂക്കേഷൻ /എജ്യൂക്കേഷൻ തെറാപ്പി എന്നാൽ പഠന വൈകല്യമുള്ള കുഞ്ഞുങ്ങൾക്കായുള്ള നിർദേശാസ്പദമായ ഒരു പരിശീലനരീതിയാണ്. ഇത്, പഠനത്തിനാവശ്യമായ അടിസ്ഥാന ശേഷികളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയാണ് എഡ്യൂക്കേഷൻ തെറാപ്പിയിലൂടെ ചെയ്യുന്നത്. വിദ്യാഭ്യാസത്തെ ബാധിക്കുന്ന പഠനശേഷികളെ വളർത്തുന്നതിനോടൊപ്പം വിവരങ്ങളെ പാകപ്പെടുത്തുന്നതിൽ വരുന്ന കുറവുകളെ ശാക്തീകരിക്കുകയും വ്യക്തിപരമായ രീതികൾ വളർത്താൻ സഹായിക്കുകയും ചെയ്യുന്നു.

എജ്യൂക്കേഷൻ തെറാപ്പി, കുഞ്ഞിന്റെ ഇപ്പോഴത്തെ പ്രവർത്തനരീതിയനുസരിച്ചു ഒന്നിൽ കൂടുതൽ ഇന്ദ്രിയങ്ങളെ ആസ്പദമാക്കിയുള്ള വ്യക്തിപരമായ വിദ്യാഭ്യാസം നൽകുന്നതാണ്. സാധാരണയായി ക്ലാസ്സുകളിൽ ലെക്ചർ നൽകുകയോ നോട്ടുകൾ നൽകുകയോ ആണ് ചെയ്യുന്നത്. ഇവിടെ ഒരു ഇന്ദ്രിയം മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇത്തരം തെറാപ്പിയിൽ അദ്ധ്യാപകർ കാര്യങ്ങൾ അവതരിപ്പിക്കുന്നത് ഒന്നിൽ കൂടുതൽ ഇന്ദ്രിയങ്ങളുപയോഗിച്ച് പഠിക്കാനാകുന്ന രീതിയിലാണ്. ഇത് വഴി തനിക്കു കുറവുള്ള ശേഷികളെ മറി കടക്കാനുള്ള പരിശീലനം കുഞ്ഞിനു ലഭിക്കുന്നു.

ഓരോ കുഞ്ഞിനും പഠിക്കാൻ തന്റേതായ ശൈലിയുണ്ട്. അത് മനസ്സിലാക്കി അതുപയോഗിച്ച് പഠിപ്പിക്കുന്നത് അവർക്ക് സഹായകമായിരിക്കും. ഉദാഹരണത്തിന്, ചിലർക്ക് രക്ഷിതാക്കൾ ഉച്ചത്തിൽ വായിച്ചു നൽകേണ്ടതായി വരും. മറ്റു ചിലർക്ക് ചിത്രങ്ങളിലൂടെയായിരിക്കും മനസ്സിലാക്കാൻ സാധിക്കുക.

- കുഞ്ഞിനു താൽപര്യമുള്ള പഠനരീതി തിരിച്ചറിയുക
- പല ഇന്ദ്രിയങ്ങൾ ഉപയോഗിച്ചുള്ള പഠനരീതി അവലംബിക്കുക (മൾട്ടി സെൻസറി അപ്പ്രോച്ച്)
- വിഷ്വൽ ഓഡിറ്ററി കൈനസ്തെറ്റിക് ടാക്ടൈൽ (കാഴ്ച-കേൾവി-സ്പർശനക്ഷമം)
- ഇത്തരത്തിൽ പഠനം നടത്തിയ കുഞ്ഞുങ്ങൾക്ക് അക്ഷരങ്ങളും വാക്കുകളും മൂന്ന് ഇന്ദ്രിയങ്ങളിലൂടെയും മനസ്സിലാക്കാൻ കഴിയുന്നു

പഠന വൈകല്യവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചില മാനസിക സാമൂഹിക പ്രശ്നങ്ങൾ

- ഇന്റേണലൈസിങ് പ്രശ്നങ്ങൾ (ആന്തരികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ): ഉത്കണ്ഠ, വിഷാദരോഗം, ഭയം, നിരാശ, നിസ്സഹായത, നിയന്ത്രണം നഷ്ടപ്പെടുക, അസ്വസ്ഥത
- എക്സ്റ്റേണലൈസിങ് പ്രശ്നങ്ങൾ (ബാഹ്യമായി കാണപ്പെടുന്ന പ്രശ്നങ്ങൾ): കയ്യേറ്റം ചെയ്യാനുള്ള പ്രവണത, അനുസരണയില്ലാതിരിക്കുക, പിൻവലിയുക
- ശരീരസംബന്ധമായ പ്രശ്നങ്ങൾ: വേദനയും അപൂർണ്ണമായ പ്രവർത്തനവും
- സ്വന്തമായി തോന്നുന്ന ധാരണകൾ: സ്വയം കുറച്ചു കാണുന്നു, ആത്മ വിശ്വാസക്കുറവ്, മാറിക്കൊണ്ടിരിക്കുന്ന / നിഷേധാത്മകമായ വ്യക്തിത്വം
- സാമൂഹിക പ്രശ്നങ്ങൾ: സാമൂഹികമായ പിൻവാങ്ങൽ, കൂടപ്പിറപ്പുകളുമായുള്ള തർക്കങ്ങൾ, ഇരയാക്കപ്പെടൽ, കുറഞ്ഞ സാമൂഹിക സംതൃപ്തി

**മാനസിക സാമൂഹിക പ്രശ്നങ്ങളുടെ പരിപാലനം**

- സൈക്കോ തെറാപ്പി: കുഞ്ഞിനും രക്ഷിതാക്കൾക്കും സഹോദരങ്ങൾക്കും
- ഫാമിലി കൗൺസിലിങ്: കുഞ്ഞിന്റെ അവസ്ഥയെ കുറിച്ച് കുടുംബാംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അതു വഴി കുഞ്ഞിന്റെ ആത്മവിശ്വാസം വളർത്തുന്നതിനും
- ചെറിയ ഗ്രൂപ്പു തിരിച്ചുള്ള ഇടപെടലുകൾ:
- മരുന്നുകൾ: പഠനവൈകല്യത്തോടനുബന്ധിച്ചുണ്ടാകുന്ന ഉത്കണ്ഠ മുതലായ അവസ്ഥകൾ അധികമാകുകയാണെങ്കിൽ